## റിക്രൂട്ട്മെന്റ് റൂൾസിന് ഭേദഗതി

94 [2746] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണബാങ്കിൽ നിയമനം നടത്തേണ്ടത് സംബന്ധിച്ച് 2001 ഒക്ടോബറിൽ പി. എസ്. സി.-ക്ക് അയയ്ക്കുന്നതിനായി രജിസ്ട്രാറിന് സമർപ്പിച്ച റിക്രൂട്ട്മെന്റ് റൂൾസിൽ പിന്നീട് എന്തെങ്കിലും ഭേദഗതി വരുത്തുകയുണ്ടായോ;

(ബി) റൂൾസിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് 18-10-2002-ൽ മാനേജിംഗ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ച ഗവൺമെന്റ് സെക്രട്ടറി ഗവൺമെന്റിന് എഴുതുകയുണ്ടായോ;

(സി) ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് മാനേജിംഗ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പും ഭേദഗതി ചെയ്ത റൂൾസിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) നിയമവിരുദ്ധമായി റൂൾസിൽ ഭേദഗതി ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ചിരുന്ന ഗവൺമെന്റ് സെക്രട്ടറിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ടായി.

(ബി) റൂൾസിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭിച്ചിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

## സംസ്ഥാന കൺസ്യൂമർ ഫെഡറേഷനിലെ നിയമനം

95 [2747] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന കൺസ്യൂമർ ഫെഡറേഷനിൽ എത്രപേരെ നിയമിച്ചു;

(ബി) ഇവരിൽ സ്ഥിരനിയമനമെത്ര; താൽക്കാലിക നിയമനമെത്ര;

(സി) സ്ഥിരനിയമനം കിട്ടിയവരെ ഏത് കാലത്താണ് സ്ഥിരപ്പെടുത്തിയത്;

(ഡി) ഏതെല്ലാം തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയത്; അവരുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഇ) താൽക്കാലിക നിയമനം കിട്ടിയവരെ പിരിച്ചുവിട്ട് പകരം നിയമനം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) പുതിയ നിയമനം നടത്തുന്നത് സഹകരണ നിയമന ബോർഡ് ആണോ;

(എച്ച്) അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 220 പേരെ.

(ബി—ഡി) എല്ലാവരെയും താൽക്കാലികമായി മാത്രമാണ് നിയമിച്ചിരിക്കുന്നത്.

(ഇ) ഇല്ല.

(എഫ്) കൺസ്യൂമർ ഫെഡറേഷന്റെ വ്യാപാര പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക നിയമനം അപ്രായോഗികമാണെന്നും പി. എസ്. സി. തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികൾ ഹാജരാകുന്നതുവരെ ഇപ്പോഴുള്ള സ്ഥിതി തുടരാൻ അനുവദിക്കണമെന്നും, ഫെഡറേഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഹൈക്കോടതിയിൽ ഒരു കേസും നിലവിലുണ്ട്.

(ജി) ഇല്ല.

(എച്ച്) ഫെഡറേഷനിൽ സ്ഥിരനിയമനം നടത്തേണ്ടത് പി.എസ്. സി. വഴിയാണ്.

സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ

96 [2748] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സ്ഥാപനങ്ങളിലെ സ്ഥിരം നിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നത്;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്ഥിരം നിക്ഷേപങ്ങൾക്ക് നിലവിലുള്ള പലിശനിരക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്ക് | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ബാങ്ക് |
|---|---|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 4.75% | 5% | 5.5% |
| 2 | 46 ദിവസം മുതൽ 179 ദിവസം വരെ | 5.75 % | 6 % | 6.5 % |
| 3 | 180 ദിവസം മുതൽ 364 ദിവസം വരെ | 6.25 % | 6.5 % | 7 % |
| 4 | ഒരുവർഷം മുതൽ 3 വർഷം വരെ | 7 % | 7.25 % | 7.75 % |
| 5 | മൂന്നുവർഷവും അതിനു മുകളിലും | 7.25 % | 7.5 % | 8 % |

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly